പാലളവ് വർദ്ധനവ്

വർഷം	പാലളവ് (ലി)	പ്രതിദിന പാലളവ് (ലി)	വർദ്ധനവ് (%)
2011-12	5812209	15923.86	2.8
2012-13	5987185	16403.24	3.5
2013-14	6401397	17538.07	5.2
2014-15	6649401	18217.53	7.4

മിൽമ നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന തിരുവനന്തപുരം മേഖലാ യൂണിയൻ സംഭരിക്കുന്ന പാലിന്റെ അളവിൽ ചേർത്തല താലൂക്കിൽ പ്രതിദിനം ഏകദേശം 1000 ലിറ്റർ പാലിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

മിൽക്ക് ഷെഡ് വികസന പദ്ധതി

53 (3255) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-ബി) ക്ഷീരോൽപ്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും പുതിയ സംരംഭകരെയും ആകർഷിക്കുക, പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കർഷകരിൽ കാലി വളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുക എന്നിവയാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതി മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധന സഹായവും, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ വിവിധ ഇനങ്ങൾക്ക് ധനസഹായവും നൽകിവരുന്നു. എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലകളിൽ സംയോജിക ക്ഷീരവികസന പരിപാടിയും പ്രാദേശികമായി ക്ഷീരഗ്രാമപദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപ്പുവർഷം 36.25 കോടി രൂപ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലകളിലെ ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശവും ഫണ്ടും നൽകിയിട്ടുണ്ട്.

പാലുൽപ്പാദനത്തിൽ വന്ന വർദ്ധനവ്/കുറവ്

54 (3256) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലിറ്റർ പാലിന്റെ ആവശ്യകത ഉണ്ടെന്നും ഇതിൽ എത്ര ലിറ്റർ പാൽ ഇവിടെ ഉത്പാദിപ്പിക്കുന്നുവെന്നും പുറത്തു നിന്ന് എത്ര ലിറ്റർ പാൽ കൊണ്ടുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പാലുത്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ്/കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ലിറ്റർ പാലിന് എത്ര രൂപ ആയിരുന്നുവെന്നും നിലവിൽ എത്ര രൂപയാണെന്നും എത്ര പ്രാവശ്യം ഈ സർക്കാർ പാൽ വില വർദ്ധിപ്പിച്ചുവെന്നും ഓരോ പ്രാവശ്യമുള്ള വർദ്ധനവിന്റെ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ ക്ഷീരോല്പാദകരുടെ എണ്ണം എത്ര; ഇവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം 87.72 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യകത ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയതിൽ 79 ലക്ഷം ലിറ്റർ മുതൽ 82 ലക്ഷം ലിറ്റർ വരെ പാൽ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. കൂടാതെ ദിനംപ്രതി 3 ലക്ഷം ലിറ്റർ മുതൽ 5 ലക്ഷം ലിറ്റർ പാൽ അന്യ സംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ക്ഷീരസംഘങ്ങളിലെ പാൽ സംഭരണത്തിൽ 26.34% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പാൽവില 23 രൂപ ആയിരുന്നു. മൂന്നതവണ പാൽ വില വർദ്ധിപ്പിച്ചു 5-09-2011-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും 14-10-2012-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും 21-07-2014-ൽ പാലിന്റെ വില ലിറ്ററിന് 3 രൂപ വീതവുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. നിലവിൽ പാൽ വില ലിറ്ററിന് 36 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly